തിരുമുല്പാട് ഫൗണ്ടേഷൻ ഡിസംബർ 2020 ലക്കം

# വൈദ്യസംവാദം



വൈദ്യഭൂഷണം
കെ. രാഘവൻ തിരുമുല്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

# സംഹിതാ പഠനത്തിൽ വ്യാഖ്യാനങ്ങളുടെ പ്രാധാന്യം

**വൈഷ്ണവി പി.എം.**
ഹൗസ് സർജൻ,
വി.പി.എസ്.വി. ആയുർവേദ കോളേജ്,
കോട്ടയ്ക്കൽ

"വ്യാഖ്യാനതോ വിശേഷപ്രതിപത്തിഃ ന ഹി സന്ദേഹാദലക്ഷണം.

(പരിഭാഷേന്ദു ശേഖരം - നാഗേശഭട്ടൻ)

വ്യാഖ്യാനത്തിൽ നിന്നും വിശേഷമായ അറിവ് ഉണ്ടാകുന്നു. പാഠഭാഗത്ത് സംശയം ഉണ്ടായാൽ അത് തെറ്റാണ് എന്നു വിചാരിക്കരുത്, വ്യാഖ്യാനത്തിൽ നിന്നും അതിന്റെ ആശയത്തെ വ്യക്തമായി കിട്ടുന്നതാണ്.

## 1.0 വ്യാഖ്യാനങ്ങളുടെ ആവശ്യകത

വാമൊഴിയായി അറിവിനെ കൈമാറ്റം ചെയ്തിരുന്ന സംസ്കാരമായിരുന്നു ഭാരതത്തിൽ പ്രചാരത്തിലുണ്ടായിരുന്നത്. ഗുരുമുഖത്തിൽ നിന്നുള്ള പഠനത്തിൽ നിന്നും താളിയോലകളിലേയ്ക്കും പുസ്തകങ്ങളിലേയ്ക്കും എത്തിയ അറിവുകൾ, ക്രമേണ ഗാഢമായി മനസ്സിലാക്കുന്നതിനായി വ്യാഖ്യാനങ്ങൾ രചിക്കപ്പെട്ടു.

കാലത്തിനനുസരിച്ച് സംഹിതകളൊന്നും തന്നെ പരിഷ്കരിക്കപ്പെടുന്നില്ല. 'ഹാരിസൺസ് ടെക്സ്റ്റ് ബുക്ക് ഓഫ് മെഡിസിൻ' തുടങ്ങിയ പുസ്തകങ്ങൾക്കൊന്നും തന്നെ വ്യാഖ്യാനങ്ങൾ രചിക്കപ്പെടുന്നില്ല, എന്തെന്നാൽ അവയെല്ലാം കാലത്തിനനുസരിച്ച്

പരിഷ്കരിക്കപ്പെടുന്നുണ്ട്, എന്നാൽ ആയുർവേദ സംഹിതകൾക്കൊന്നും തന്നെ 'റിവൈസ്ഡ് എഡിഷൻ' വന്നിരുന്നില്ല, ആയതിനാൽ വ്യാഖ്യാനങ്ങൾ രചിക്കപ്പെടേണ്ടത് അനിവാര്യമായിരുന്നു.

## 2.0 നിരുക്തി

വി + ആ + ഖ്യാ

വി – വിശേഷ അർത്ഥത്തിനായി

ആ – പൂർണ്ണാർത്ഥത്തിനുവേണ്ടി

ഖ്യാ – ഖ്യാ പ്രകഥനേ വിവരണം

അർത്ഥങ്ങൾ : വിവരണം, വ്യാഖ്യാനം,ഭാഷ്യം, പറയുക, വിവരിക്കുക, വിസ്തരിച്ചു പറയുക.

## 2.1 നിർവചനങ്ങൾ

1. വ്യാഖ്യാനം നാമ യത് സർവബുദ്ധ്യവിഷയം വ്യാക്രിയതേ, യഥാ – പ്രഥമേ മാസി സമ്മൂർച്ഛിതഃ സർവധാതുകലുഷീകൃതഃ ഖേടഭൂതോ ഭവത്യവ്യക്തവിഗ്രഹഃ ഇത്യാദിനാ അസ്മദാദ്യവിദിതാർഥ വ്യാകരണം
2. തന്ത്രേ അതിശയോപവർണനം വ്യാഖ്യാനം. യഥാ – ഇഹപഞ്ചവിംശതികഃ പുരുഷോ വ്യാഖ്യായത് അന്യേഷ്വായുർവേദതന്ത്രേഷു ഭൂതാദിപ്രഭൃത്യാരഭ്യ ചിന്താ.
3. വ്യാഖ്യാനം നാമ സംക്ഷേപണോക്തസ്യാ വിസ്തരേണാഖ്യാനം വ്യാഖ്യാനം
4. വ്യാഖ്യാനം നാമ, യന്മാദൃശേഭ്യോ വിശിഷ്ടതരബുദ്ധിഗമ്യം

## 2.2 ഷട്വിധവ്യാഖ്യാനങ്ങൾ

പദച്ഛേദോ പദാർത്ഥോയക്തിഃ വിഗ്രഹോ വാക്യയോജനാ
ആക്ഷേപസ്യ സമാധാനം വ്യാഖ്യാനം ഷഡ്വിധം മതം

1. പദച്ഛേദം - സന്ധിയിലെ പദങ്ങൾ പിരിച്ചെഴുതുന്നത്

2. പദാർത്ഥം - പദത്തിന്റെ അർത്ഥം

3. വിഗ്രഹം - സമസ്തപദത്തെ വാക്യത്തിലൂടെ വേർതിരിക്കുന്നത്

4. വാക്യയോജനാ - വാക്യം നിർമ്മിക്കുന്നത്

5. ആക്ഷേപം - സംശയം (വാഗ്വാദത്തിൽ പൂർവ്വപക്ഷമായി ഉപയോഗിക്കുന്നത്

6. സമാധാനം - സംശയത്തിന് മറുപടി

സർവ്വാംഗസുന്ദരീ വ്യാഖ്യാനത്തിൽ അരുണദത്തൻ പതിനഞ്ച് വിധം വ്യാഖ്യാനങ്ങളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. വ്യാഖ്യാനങ്ങളെ തന്ത്രഗുണങ്ങളായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. എന്തെന്നാൽ അവ പഠനത്തെ ലഘൂകരിക്കാനും ആശയങ്ങളെ സ്പഷ്ടമായി അവതരിപ്പിക്കാനും ഉപകരിക്കുന്നു. പിണ്ഡ വ്യാഖ്യാനം, പദവ്യാഖ്യാനം, പദാർത്ഥവ്യാഖ്യാനം, അധികരണ വ്യാഖ്യാനം, പ്രകരണവ്യാഖ്യാനം, അർത്ഥവ്യാഖ്യാനം, കൃച്ഛ്ര വ്യാഖ്യാനം, ഫലവ്യാഖ്യാനം, ഉചിതകവ്യാഖ്യാനം, ന്യാസ വ്യാഖ്യാനം, പ്രയോജനവ്യാഖ്യാനം, അനുലോമവ്യാഖ്യാനം, പ്രതിലോമവ്യാഖ്യാനം, അതിസൂത്രവ്യാഖ്യാനം, സൂത്രസമ വ്യാഖ്യാനം എന്നിവയാണ് പതിനഞ്ച് വിധം വ്യാഖ്യാനങ്ങൾ.

## 2.4 സംഹിതാ കാലം

ആയുർവേദം ഒരു സ്വതന്ത്ര ശാസ്ത്രശാഖയായി പൂർണ്ണ വളർച്ചയിലെത്തിയത് സംഹിതാകാലത്തോടെയാണ്. ബൃഹത് ത്രയികളുടെ രചനയും, കായ-ശല്യ-ബാല ചികിത്സയിലൂന്നിയ ചികിത്സാസമ്പ്രദായങ്ങളും, ആത്രേയാദികളായ ഭിഷഗ്വരന്മാരും സംഹിതാകാലത്തിലായിരുന്നുവെന്നാണ് ചരിത്രം രേഖപ്പെടുത്തി യിരിക്കുന്നത്.

### 2.5 സംഗ്രഹകാലം

വ്യാഖ്യാനങ്ങളുടെ കാലഘട്ടം അഥവാ സംഗ്രഹകാലം വാഗ്ഭടന്റെ കാലത്തോടെ ആരംഭിച്ച് 1800 കൾ വരെ നിലനിന്നിരുന്നു, ചരകസംഹിത, സുശ്രുതസംഹിത, അഷ്ടാംഗസംഗ്രഹം, അഷ്ടാംഗഹൃദയം, മാധവനിദാനം, ശാർങ്ഗധരസംഹിത തുടങ്ങിയ ബൃഹത്ത്രയികളുടെയും ലഘുത്രയികളുടെയും വ്യാഖ്യാനങ്ങൾ രചിക്കപ്പെട്ടു. ഓരോ സംഹിതകൾക്കും ഗ്രന്ഥങ്ങൾക്കുമായി പ്രാദേശിക വ്യാഖ്യാനങ്ങളും രചിക്കപ്പെടുകയുണ്ടായി.

## 3. വ്യാഖ്യാനങ്ങളുടെ പ്രാധാന്യം

### 3.1 ദേശ-സംസ്കാരങ്ങളെ അറിയുന്നതിന്

വ്യാഖ്യാനങ്ങൾ എല്ലായ്പ്പോഴും രണ്ട് കാലഘട്ടങ്ങളിലെ ദേശ-കാല-ദ്രവ്യ-സങ്കേതങ്ങളെ ബന്ധിപ്പിക്കുന്നു. രോഗങ്ങൾക്കാകട്ടെ നിദാനവും ലക്ഷണങ്ങളും, സമ്പ്രാപ്തിയും എല്ലാ കാലഘട്ടത്തിലും ഒരുപോലെയാണെങ്കിലും രോഗങ്ങളുടെ പേരിലും മറ്റും മാറ്റങ്ങൾ സംഭവിക്കുന്നതാണ്. വ്യാഖ്യാനങ്ങളും പരിഭാഷകളും ഇത്തരത്തിൽ ഓരോ കാലഘട്ടങ്ങളുടെയും സംസ്കാരങ്ങളെയും സാമൂഹ്യപശ്ചാത്തലങ്ങളെക്കുറിച്ചും വ്യക്തമാക്കി തരുന്നതാണ്. അഷ്ടാംഗഹൃദയം ഇന്ദു വ്യാഖ്യാനത്തിൽ കശ്മീരിൽ കണ്ട് വന്നിരുന്ന ചെടികളെക്കുറിച്ചധികം പരാമർശിക്കുന്നുണ്ട്. ഇതിൽ നിന്നും ഇന്ദുവിന് കാശ്മീരിലെ ഔഷധസസ്യങ്ങളെപ്പറ്റി ഗാഢമായ അറിവ് തന്നെയുണ്ടായിരുന്നുവെന്ന് അനുമാനിക്കേണ്ടതാണ്. മറ്റൊരിടത്ത് ദ്രവന്തി എന്നതിനെ സമുദ്രൈരണ്ഡമായിട്ടാണ് പരാമർശിച്ചിരിക്കുന്നത്. നിഘണ്ടുക്കളിലൊന്നും തന്നെ സമുദ്രൈരണ്ഡത്തിനു സമാനമായി ഒന്നും തന്നെ കാണപ്പെട്ടിരുന്നില്ല. എന്നിരുന്നാലും സമുദ്രൈരണ്ഡത്തെ പരിഭാഷപ്പെടുത്തിയാൽ കടലാവണക്ക് എന്നിരിക്കെ കേരളത്തിലെ ഔഷധങ്ങളെപ്പറ്റിയും ഇന്ദുവിന് ഗഹനമായ തന്നെയുണ്ടായിരുന്നുവെന്ന് അനുമാനിക്കേണ്ടതാണ്.

കേരളത്തിൽ പൊതുവെ സ്നേഹകല്പനയിൽ സ്നേഹത്തിന്റെ നാലിരട്ടിയാണ് ദ്രവദ്രവ്യം ചേർക്കാറുള്ളത്. ഇന്ദുവിന്റെ പരിഭാഷയിൽ മറ്റൊന്നും പരാമർശിക്കാതെ തന്നെ ഈ കണക്കാണ് അവതരിപ്പിക്കുന്നത്. ഇതിൽ നിന്നും കേരളത്തിൽ പരമ്പരാഗതമായി ചെയ്തുവന്നിരുന്ന അറിവുകളെക്കുറിച്ചും ഇന്ദുവിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നുവെന്ന് വേണം മനസ്സിലാക്കാൻ. അഷ്ടാംഗസംഗ്രഹം ഉത്തരസ്ഥാനം രസായനാധികരണത്തിൽ ലശുനകല്പത്തിൽ ഇപ്രകാരം പറയപ്പെടുന്നു.1

വെള്ളുത്തുള്ളി ബ്രാഹ്മണർക്ക് വർജ്യമാണ്. എന്നാൽ മൂന്നു ദിവസം ഉപവാസത്തിലിരിക്കുന്ന പശുവിനെ വെളുത്തുള്ളി തീറ്റിച്ച് അതിന്റെ പാലും, തൈരും, നെയ്യും, മോരും ബ്രാഹ്മണർക്കും ഹിതമായിട്ടാണ് പറയപ്പെട്ടിരിക്കുന്നത്. പ്രസ്തുത ഭാഗം വ്യാഖ്യാനിക്കുമ്പോൾ ഇന്ദു ഇപ്രകാരം പരാമർശിക്കുന്നു - ഇത് ആചാര്യന്റെ ദേശത്തിൽ മാത്രം കാണപ്പെടുന്ന സംസ്കാരമാണ്, എന്നാൽ ഇങ്ങനെയൊരു സംസ്കാരത്തെക്കുറിച്ച് ഞങ്ങൾക്ക് വ്യക്തമായ ധാരണയില്ല. ഇതിൽ നിന്നും കാശ്മീരിലെ സിന്ധ് ബ്രാഹ്മണർക്ക് വെളുത്തുള്ളി നിഷിദ്ധമായിരുന്നില്ല എന്ന് വേണം മനസ്സിലാക്കാൻ.

### 3.2 അപരിചിതമായ പദങ്ങളെ അറിയുന്നതിന്

സംഹിതകളിൽ എപ്പോഴും ഓരോ ദേശത്തിലും നിലനിന്നിരുന്ന പ്രാദേശികമായ ഭക്ഷണസംസ്കാരത്തെ അധികം വിസ്തരിക്കാതെ തന്നെ പറയുന്നുണ്ട്. സംഹിത നിലനിന്നിരുന്ന കാലത്ത് അതിന്റെ ആവശ്യം ഇല്ലായിരുന്നു എന്നിരുന്നാലും കാലക്രമേണ അത്തരം പദങ്ങളുടെ ഉപയോഗം കുറഞ്ഞുവരികയും അപരിചിതമാവുകയും ചെയ്തു. ഇങ്ങനൊരു സന്ദർഭത്തിലാണ് വ്യാഖ്യാനങ്ങളുടെ പ്രസക്തി. രസാള[2], പാനകം[3], ദണ്ഡാഹതം[4], തുടങ്ങിയവയുടെ ആഹാരവിശേഷങ്ങൾ വ്യാഖ്യാനങ്ങളിൽ വിസ്തരിച്ച് പറയുന്നുണ്ട്. അവപീഡകസ്നേഹപാനം[5] സംഹിതാകാലത്തിൽ അധികമായി ഉപയോഗിച്ചിരുന്ന പദമാണെങ്കിലും പിന്നീട് അത്

മനസ്സിലാക്കാൻ വ്യാഖ്യാനങ്ങൾ ആവശ്യമായി വരികയുണ്ടായി.

### 3.3 ദ്രവ്യങ്ങളെ പരിചയിക്കുന്നതിന്

ഒരേ സസ്യത്തിനു തന്നെ വരുന്ന പ്രാദേശികനാമവ്യത്യാസങ്ങൾ, സന്ദർഭാനുസാരം ഉപയോഗിക്കേണ്ടത് ഏതാണെന്നുമൊക്കെ വ്യക്തമായി മനസ്സിലാവണമെങ്കിൽ വ്യാഖ്യാനങ്ങൾ പഠിക്കേണ്ടതാണ്. അഷ്ടാംഗഹൃദയം സൂത്രസ്ഥാനം ശോധനാദിഗണസംഗ്രഹണീയമധ്യായത്തിൽ പല ഉദാഹരണങ്ങളും കാണാം.

വത്സകമൂർവാ ദി ഗണം – ജീരകം എന്നത് കൃഷ്ണജീരകമാണ് ഉപയോഗിക്കുന്നത്[6].

ത്രിഹിമം – മലയജചന്ദനം, രക്തചന്ദനം, ദാരുഹരിദ്രാ[7].

കരഞ്ജയുഗ്മം – പൂതികരഞ്ജം, നക്തമാലാ[8].

### 3.4 ചരിത്രപഠനത്തിന്

വ്യാഖ്യാനങ്ങൾ എപ്പോഴും ചരിത്രപ്രാധാന്യമുള്ളവയാണ്. ഓരോ കാലഘട്ടങ്ങളിലെയും മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് വ്യാഖ്യാനങ്ങൾ എഴുതപ്പെട്ടിരിക്കുന്നത്. ചരിത്രപരമായി ഓരോ പുസ്തകങ്ങളുടെയും കാലഘട്ടവും എഴുതപ്പെട്ട പശ്ചാത്തലവും മനസ്സിലാക്കാൻ സഹായിക്കുന്നവയാണ് വ്യാഖ്യാനങ്ങൾ. ഒരു വ്യാഖ്യാനത്തിൽ പല സംഹിതകളിലെയും പ്രസ്തുത ഭാഗങ്ങൾ പരാമർശിക്കാറുണ്ട്. അതിനാൽ തന്നെ പല രചനകളുടെയും കാലഘട്ടം മനസ്സിലാക്കാൻ വ്യാഖ്യാനങ്ങൾ ഉപയോഗിക്കാവുന്നതാണ്. പല ലുപ്തതന്ത്രങ്ങളെയും മനസ്സിലാക്കാൻ വ്യാഖ്യാനങ്ങൾ അനിവാര്യമാണ്. ബൃഹസ്പതി വ്യാഖ്യാനം, ജതൂകർണ്ണ സംഹിത എന്നിവയെല്ലാം ഇവിടെ നിലനിന്നിരുന്നു എന്ന് മനസ്സിലാകുന്നത് വ്യാഖ്യാനങ്ങളുടെ പഠനത്തോടെയാണ്.

### 3.5 ഭാഷാ-വ്യാകരണ പഠനത്തിന്

സംസ്കൃത പണ്ഡിതന്മാരാൽ രചിക്കപ്പെടുന്ന വ്യാഖ്യാനങ്ങൾ വ്യാകരണത്തിനും ഭാഷയ്ക്കും പ്രാധാന്യം നല്കുമ്പോൾ ഭിഷഗ്വര

ന്മാരാൽ രചിക്കപ്പെടുന്ന വ്യാഖ്യാനങ്ങൾ ചികിത്സയിലെ പ്രായോഗികതത്വങ്ങൾക്ക് പ്രാധാന്യം നല്കുന്നു. ചക്രപാണിയുടെ വ്യാഖ്യാനം ചികിത്സയിലെ പ്രായോഗിക തലത്തിൽ മികച്ചു നില്ക്കുമ്പോൾ, ഗംഗാധരറായുടെ വ്യാഖ്യാനങ്ങൾ താത്വികമായും ഭാഷാപരമായും മികച്ചതാകുന്നു. ഉദാഹരണത്തിന്: പാചകപിത്തത്തിന്റെ സ്വഭാവം പറയുമ്പോൾ ത്യക്തദ്രവത്വം എന്ന് പരാമർശിക്കുന്നുണ്ട്. സംസ്കൃതപണ്ഡിതന്മാർ വ്യാഖ്യാനിക്കുമ്പോൾ ത്യക്തദ്രവത്വം - കാഠിന്യമാഗത:- ഖരാവസ്ഥയായിട്ടാണ് സൂചിപ്പിക്കുന്നത്. എന്നാൽ ചികിത്സയിലാകട്ടെ, അഗ്നി ഒരിക്കലും ഖരാവസ്ഥയിലാകുന്നില്ല. ഇവിടെ വ്യാഖ്യാനിക്കുമ്പോൾ ദ്രവമായിരിക്കെ തന്നെ ദ്രവത്തിന്റെ സവിശേഷസ്വഭാവങ്ങൾ ആണ് നഷ്ടമാകുന്നത്.

ധാതു പോഷ്യ-പോഷകങ്ങളെ പറ്റി പറയുമ്പോൾ ചക്രപാണി ക്ഷീരദധിന്യായം, കേദാരീകുല്യന്യായം, ഖളേകപോത ന്യായം തുടങ്ങിയവ പരാമർശിക്കുന്നുണ്ട്. ഇതുപോലെ മനസ്സിന്റെ ഗുണങ്ങൾ പറയുമ്പോൾ ദീർഘശഷ്കുലീന്യായവും, അലാതചക്രദർശനന്യായവും പരാമർശിക്കുന്നു. കേവലം സംഹിത മാത്രം വായിച്ചാൽ ഇത്തരം സന്ദർഭങ്ങളിൽ യാതൊരു വ്യക്തതയും ലഭിക്കാറില്ല. വ്യാഖ്യാനം കൂടി പഠിക്കുമ്പോഴാണ് ഇത്തരം സിദ്ധാന്തങ്ങളെ ഗാഢമായും സ്പഷ്ടമായും മനസ്സിലാവുകയുള്ളൂ.

### 3.6 വ്യാഖ്യാനങ്ങൾ ചികിത്സയിൽ

പ്രാദേശികമായ പല വ്യാഖ്യാനങ്ങളും സംഹിതകൾക്ക് എഴുതപ്പെട്ടിട്ടുണ്ട്. പ്രാദേശികമായി നിലനിന്നിരുന്ന ചികിത്സാസമ്പ്രദായങ്ങൾക്ക് കൂടി പ്രാധാന്യം നല്കിക്കൊണ്ടാണ് പാഠ്യാ, ഹൃദയപ്രിയാ തുടങ്ങിയ വ്യാഖ്യാനങ്ങളെല്ലാം രചിക്കപ്പെട്ടത്. ഇന്ദുവിന്റെ പരിഭാഷയിലെല്ലാം കേരളത്തിൽ മാത്രം ചെയ്തുവന്നിരുന്ന പല കല്പനകളും രേഖപ്പെടുത്തിയിട്ടുണ്ട്.

സംഹിതകളിലെ സ്ഥാനങ്ങൾ തമ്മിലുള്ള ബന്ധം മനസ്സിലാക്കാൻ വ്യാഖ്യാനങ്ങൾ ഉപകരിക്കുന്നതാണ്. ഗ്രഹണീ ചികിത്സ

യിൽ പറയുന്ന അഗ്നിയെപ്പറ്റിയുള്ള കാര്യങ്ങൾ ജഠരാഗ്നി പറയുന്ന എല്ലായിടത്തും കൂട്ടി വായിക്കേണ്ടതാണ്. ഇപ്രകാരം ഒരേ സ്ഥാനത്തിലെ വിവിധ അധ്യായങ്ങളെയും സംഹിതയിലെ വിവിധ സ്ഥാനങ്ങളെയും ബന്ധിപ്പിക്കാനും വ്യാഖ്യാനങ്ങളുടെ പഠനം അനിവാര്യമാണ്.

## 3.7 വ്യാഖ്യാനങ്ങളിൽ നിന്നുള്ള ചില പ്രസക്ത ഉദാഹരണങ്ങൾ

1. പൈത്തിക ജ്വരത്തിൽ കടുകാസ്യതാ എന്ന് പ്രയോഗിക്കുന്നുണ്ട്. പ്രായോഗികമായി കടുകാസ്യത എന്നൊന്നില്ല. കടുസ്തു കടുതിക്തയോഃ എന്നൊരു പരാമർശമുള്ളതിനാൽ കടുകാസ്യത എന്നാൽ തിക്താസ്യത തന്നെയാണ്. ഇത്തരമൊരറിവ് വ്യാഖ്യാനങ്ങളിൽ നിന്നാണ് ലഭിക്കുന്നത്.
2. ജ്വരചികിത്സയിൽ കഷായം എന്നത് കൊണ്ട് കല്പനയാണോ രസമാണോ എന്ന സംശയം പലപ്പോഴും ഉണ്ടാകാറുണ്ട്. വ്യാഖ്യാനങ്ങളിൽ നിവന്നാണ് ഇത്തരം സംശയങ്ങൾക്കും വ്യക്തത ലഭിക്കുന്നത്.
3. അഷ്ടാംഗഹൃദയം ദോഷോപക്രമണീയം അദ്ധ്യായത്തിൽ ദോഷഗതി പരാമർശിക്കുന്നുണ്ട്. വ്യാഖ്യാനത്തിലാണ് വ്യക്തമായി ദോഷഗതി എന്താണെന്ന് പറയുന്നത്. 9
4. അഷ്ടാംഗഹൃദയം രസഭേദീയമദ്ധ്യായത്തിൽ മധുരഗണം പറയുമ്പോൾ, ദ്രാക്ഷാദിർമധുരോ ഗണ:- ഇവിടെ ആദി ശബ്ദം വ്യക്തമായി മനസ്സിലാവണമെങ്കിൽ വ്യാഖ്യാനം പരിശോധിക്കണം. 10

## 3.8 വ്യാഖ്യാനങ്ങൾ - ഇന്ന്

വ്യാഖ്യാനങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ എപ്പോഴും നിരീക്ഷിക്കാവുന്നതാണ്. കേരളത്തിൽ നിന്നുള്ള അഷ്ടാംഗഹൃദയം ഇംഗ്ലീഷ് വ്യാഖ്യാനത്തിൽ വ്യാഖ്യാതാവ് ഇപ്പോൾ പ്രസക്തമായ

അനാട്ടമിയും ഫിസിയോളജിയും ഉൾപ്പൊടുത്തിയിട്ടുണ്ട്. ദോഷാദി വിജ്ഞാനീയത്തിൽ വാതത്തെകുറിച്ച് പരാമർശിക്കുമ്പോൾ അനുബന്ധമായി നാഡീവ്യൂഹവ്യവസ്ഥയെപ്പറ്റിയും ഹോർമോണുകളെപ്പറ്റിയും പരാമർശിക്കുന്നുണ്ട്.

### 3.9 വ്യാഖ്യാനങ്ങൾ - പരിമിതികൾ

ചരകസംഹിതയിൽ പുരുഷൻ എന്ന തത്വം പരാമർശിക്കുമ്പോൾ പല വ്യത്യസ്ത അഭിപ്രായങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. ദർശനങ്ങളിൽ ഏകധാതുപുരുഷൻ - ആത്മാവിനെയാണ് പുരുഷൻ എന്ന് പറയപ്പെടുന്നത്, എന്നാൽ ആയുർവേദതത്വങ്ങളിൽ പ്രാധാന്യം ഷട്ധാതുപുരുഷനാണ്. പ്രസ്തുത ഭാഗം വ്യാഖ്യാനിക്കുമ്പോൾ ചക്രപാണി പറയുന്നുണ്ട് - ഏകധാതു പുരുഷഃ- പുരുഷ സംജ്ഞകഃ- പുരുഷൻ എന്ന് പേരുള്ളത്, എന്നാൽ ഷട്ധാതു പുരുഷനാണ് യഥാർത്ഥത്തിൽ പുരുഷൻ എന്ന്.

വ്യാഖ്യാനങ്ങൾ രചിക്കപ്പെട്ടത് സ്വല്പബുദ്ധിയുള്ളവർക്കാണ് എന്നൊരു പരാമർശമുണ്ട്. വ്യാഖ്യാനങ്ങൾ പലപ്പോഴും ഒരു വ്യാഖ്യാതാവിന്റെ കാഴ്ച്ചപ്പാട് മാത്രമാണ്. എല്ലായ്പ്പോഴും അത് ശരിയായിക്കൊള്ളണമെന്നില്ല. ഓരോ വ്യാഖ്യാതാവിനനുസരിച്ചും സന്ദർഭങ്ങൾക്ക് അർത്ഥം മാറിക്കൊണ്ടിരിക്കാം. ചരകസംഹിതയുടെ ലഭ്യമായ താളിയോലകളും വ്യാഖ്യാനങ്ങളും തമ്മിലുള്ള പഠനത്തിൽ ഏതാണ്ട് 95% പദങ്ങൾക്കും അർത്ഥവ്യത്യാസങ്ങൾ വന്നിട്ടുണ്ടെന്നും യഥാർത്ഥസംഹിതയിലെ 5% പദങ്ങൾക്കു മാത്രമാണ് മാറ്റങ്ങൾ സംഭവിക്കാതിരുന്നത് എന്നുള്ള പരാമർശമുണ്ട്. പി.എസ്.വാര്യർ ശുദ്ധേ ശുക്രാർത്തവേ എന്ന പദത്തിന് വന്നിട്ടുള്ള വ്യാഖ്യാനവൈകല്യങ്ങൾ ധന്വന്തരിയിൽ പരാമർശിക്കുന്നുണ്ട്.

### 4.0 ഉപസംഹാരം

വ്യാഖ്യാനങ്ങൾ എല്ലായ്പ്പോഴും കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് രചിക്കപ്പെട്ടിട്ടുള്ളത്. ദേശ-കാല-ചികിത്സാതത്വങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങൾ വ്യാഖ്യാനങ്ങളിൽ കാണാവു

ന്നതാണ്. കേവലം വ്യാഖ്യാനങ്ങളെ മാത്രം ആശ്രയിച്ചുകൊണ്ട് തത്വങ്ങളെ മനസ്സിലാക്കാൻ സാധ്യമല്ല. വ്യാഖ്യാനങ്ങൾ പലപ്പോഴും വ്യത്യസ്ത കാഴ്ച്ചപ്പാടുകൾ പരിചയപ്പെടുത്തുന്നതിനാണുതകുക.

വിസ്താരയതി ലേശോക്തം സംക്ഷിപത്യതിവിസ്തരം
സംസ്കർത്താ കുരുതേ തന്ത്രം പുരാണം ച പുനർന്നവം.
(ചരകസംഹിത - സിദ്ധിസ്ഥാനം 12/36)

ഒന്നും ഇവിടെ പഴയതാകുന്നില്ല. സംഹിതകൾ കാലാനുസൃതമായി പ്രതിസംസ്കരിക്കുമ്പോഴും വ്യാഖ്യാനിക്കുമ്പോഴും പുതിയ കാഴ്ചപ്പാടുകളിലേക്കാണ് വഴി തെളിയിക്കുന്നത്. ഇത്തരത്തിൽ ശാസ്ത്രത്തിന്റെ വളർച്ചയിൽ വ്യാഖ്യാനങ്ങൾ മാർഗദർശികളായി സ്ഥിതിചെയ്യുന്നു.

**അനുബന്ധം**

1. ത്രിരാത്രം മുഷിതം ധേനും
   ലശുനം ഖാദയേത് തതഃ
   ക്ഷീരദദ്ധ്യാജ്യമഥിതം
   ബ്രാഹ്മണസ്യാപി ശസ്യതേ. (ഇന്ദു പരിഭാഷാ- ആമുഖം)
2. മരിചശർക്കരാദിയുക്തം കരമഥിതം ദധി-രസാളാ
   (ആയുർവേദ രസായനം/അഷ്ടാംഗഹൃദയം - 1 : 6/34)
3. ഗുഡാമ്ളികാദിസംസ്കൃതമുദകാദി ദ്രവം പാനകം
   (ആയുർവേദരസായനം/അഷ്ടാംഗഹൃദയം - 1 : 6/35)
4. ദണ്ഡാഹതം മഥിതം തക്രവിശേഷഃ (ഹൃദയബോധിക വ്യാഖ്യാനം - അഷ്ടാംഗഹൃദയം 1 - 14/21)
5. അന്നമവപീഡയതീത്യവപീഡകം, ഊർദ്ധ്വാധോനിരോധേ നാന്നാവപീഡനാത് (അഷ്ടാംഗഹൃദയം - ഹൃദയബോധിക വ്യാഖ്യാനം 1 - 4/6)

6. ജീരകം കൃഷ്ണജീരകം (ഹൃദയബോധിക വ്യാഖ്യാനം - അഷ്ടാംഗഹൃദയം 1 - 15/34)

7. ത്രിഹിമം - ചന്ദനത്രയം, മലയജരക്തചന്ദനദാരുഹരിദ്രാ ഭേദേന (അരുണദത്തവ്യാഖ്യാനം - അഷ്ടാംഗഹൃദയം 1 - 15/19, 20)

8. കരഞ്ജയുഗ്മം - ഏകഃ പൂതികകരഞ്ജശ്ചിരിവില്വാഖ്യോ അപരോ നക്തമാലാഖ്യഃ (അരുണദത്തവ്യാഖ്യാനം- അഷ്ടാംഗഹൃദയം ക15/1718)

9. വൃദ്ധ്യാ ശാഖാദിഗതദോഷാണാം സഞ്ചയാത്, അഭിഷ്യന്ദനാത് സ്രവണാത്, പാകാത്, പക്വാവസ്ഥാലാഭാത്, വായോഃ നിഗ്രഹാത്, ശമനാത് ച, തേഭ്യഃ ശാഖാദിഭ്യഃ, കോഷ്ഠം യാന്തി (പദാർത്ഥകൗമുദി വ്യാഖ്യാനം - അഷ്ടാംഗഹൃദയം സൂത്രസ്ഥാനം 13/18).

10. ആദിശബ്ദേന തൃണപഞ്ചമൂല-മേദോ-മജ്ജ-വസാ-തൈല-മധുരഡാഡിമ-പുഷ്കരബീജ-ശൃംഗാടകാശ്വഗന്ധാ-ശ്വദംഷ്ട്രാ-മൃണാളകശേരു-കര്കവരീ-താലമസ്തകാദീനി (ഹൃദയബോധിക വ്യാഖ്യാനം-അഷ്ടാംഗഹൃദയം 1 - 10/2224).